# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1611 | | 06.03.2017-ൽ മറുപടിയ്ക്ക് | |
|---|---|---|---|
| സ്വീവേജ് മാലിന്യ ശേഖരണം | | | |
| ചോദ്യം | | ഉത്തരം | |
| ശ്രീ.പി.ടി. തോമസ് | | ഡോ.കെ.ടി.ജലീൽ<br>തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി | |
| (എ) | കൊച്ചിൻ കോർപ്പറേഷനിൽ സ്വകാര്യ ഏജൻസികൾ ശേഖരിക്കുന്ന സ്വീവേജ് മാലിന്യം മുഴുവനും കൃത്യമായി സ്വീവേജ് പ്ലാൻറുകളിൽ എത്തുന്നുണ്ടെന്ന് ഉറപ്പാക്കുന്നതിന് എന്തെങ്കിലും സംവിധാനം നിലവിലുണ്ടോ;എങ്കിൽ വിശദാംശം നൽകാമോ; | (എ) | ഇല്ല. കൊച്ചി ബ്രഹ്മപുരത്ത് നിലവിൽ പ്രവർത്തിച്ചു വരുന്ന 100 $m^3$ ശേഷിയുള്ള പാക്കേജ് സെപ്റ്റേജ് ട്രീറ്റ്മെന്റ് പ്ലാന്റിന് സ്വകാര്യ ഏജൻസികൾ ശേഖരിക്കുന്ന മുഴുവൻ സെപ്റ്റേജ് മാലിന്യവും സംസ്ക്കരിക്കുന്നതിനുള്ള ശേഷി നിലവിലില്ലായെന്നതിനാൽ ഇക്കാര്യമുറപ്പാക്കുന്നതിൽ പരിമിതികളുണ്ട്. |
| (ബി) | സ്വകാര്യ ഏജൻസികൾ ശേഖരിക്കുന്ന മാലിന്യം തോടുകളിലും കാനകളിലും മറ്റും നിക്ഷേപിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;എങ്കിൽ ഇതിന്മേൽ എന്ത് നടപടി സ്വീകരിച്ചെന്ന് അറിയിക്കാമോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വഴിയോരങ്ങളിലും ജലാശയങ്ങളിലും കൊണ്ട് വന്ന് തള്ളുന്ന അവശിഷ്ടങ്ങൾ തടയേണ്ടതിന്റെ ഉത്തരവാദിത്വം അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കാണ്. |
| (സി) | സ്വീവേജ് മാലിന്യ ശേഖരണം പൂർണ്ണമായും തദ്ദേശസ്ഥാപനങ്ങൾ വഴി നേരിട്ട് നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ; വിശദാംശം വ്യക്തമാക്കാമോ? | (സി) | ഇപ്പോൾ പരിഗണനയിലില്ല |

സെക്ഷൻ ഓഫീസർ